## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.88 — 27/06/2011-ൽ മറുപടിയ്ക്ക്

## ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് മുഖേന രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം സംസ്ഥാന ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് മുഖേന ഏതെല്ലാം രേഖകൾ സാക്ഷ്യപ്പെടുത്തി നൽകാറുണ്ടെന്ന് വിശദമാക്കുമോ; | (എ) വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം സംസ്ഥാന ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് മുഖേന താഴെ പറയുന്ന രേഖകൾ സാക്ഷ്യപ്പെടുത്തി നൽകാറുണ്ട്.<br>(i) ജനന/മരണ രജിസ്ട്രാറുകളിൽ നിന്നും ലഭിക്കുന്ന ജനന/മരണ സർട്ടിഫിക്കറ്റുകൾ.<br>(ii) ക്ഷേത്രങ്ങൾ, മുസ്ലീം, ക്രിസ്ത്യൻ ദേവാലയങ്ങൾ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ, വിവാഹ രജിസ്ട്രാർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾ. (01/03/2008-ന് The Kerala Registration of Common Marriages Rules - നിലവിൽ വന്നതിനാൽ പ്രസ്തുത തീയതിയ്ക്ക് ശേഷം നടന്ന വിവാഹ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ, വിവാഹ രജിസ്ട്രാർ മുമ്പാകെയോ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റുകൾ തന്നെ അറ്റസ്റ്റേഷന് വേണ്ടി ഹാജരാക്കേണ്ടതാണ്. 01/03/2008-ന് ശേഷം ദേവാലയങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതല്ല). |

(iii) പവർ ഓഫ് അറ്റോർണി

പവർ ഓഫ് അറ്റോർണി സാക്ഷ്യപ്പെടുത്തുവാൻ ആയത് നൽകുന്ന ആളിന്റെയും അറ്റോർണിയുടെയും പാസ്പോർട്ടുകളുടെ പകർപ്പുകൾ നിർബന്ധമായും സമർപ്പിച്ചിരിക്കണം

(iv) തഹസീൽദാർമാർ നൽകുന്ന അവകാശ/പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റുകൾ.

(v) കോടതി ഉത്തരവുകൾ.

(vi) സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാർ സഹായമുള്ള വിദ്യാലയങ്ങളിൽ നിന്നും നിർദ്ദിഷ്ട രൂപരേഖയിൽ ലഭിക്കുന്ന വിടുതൽ സർട്ടിഫിക്കറ്റുകൾ.

(vii) അംഗീകൃത ഡോക്ടർമാർ നൽകുന്ന മെഡിക്കൽ/ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ.

(viii) പേര് മാറ്റം, ജനനതീയതി, കോടതി ഉത്തരവുകൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം (അംഗീകൃത രേഖകൾ സഹിതം)

(ix) സർക്കാർ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരീക്ഷാ കമ്മീഷണർ എന്നിവർ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/ മാർക്ക്ലിസ്റ്റുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ എന്നിവ അതിന്റെ നിജസ്ഥിതി ബന്ധപ്പെട്ട അധികാരികളിൽ നിന്നും അന്വേഷിച്ചറിഞ്ഞ ശേഷം സാക്ഷ്യപ്പെടുത്തി നൽകാറുണ്ട്. ഇത്തരം സർട്ടിഫിക്കറ്റുകൾ നോട്ടറി മുഖാന്തിരം സാക്ഷ്യപ്പെടുത്തേണ്ടതില്ല.

(x) സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾ നൽകുന്ന

സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്. ഇത്തരം സർട്ടിഫിക്കറ്റുകൾ സർക്കാരിന്റെ അതുമായി ബന്ധപ്പെട്ട ജില്ലാ അധികാരിയിൽ നിന്നും കൗണ്ടർ സൈൻ ചെയ്ത് വാങ്ങേണ്ടതാണ്.

(xi) സർക്കാർ തന്നെ നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകേണ്ട കേസുകൾ (യൂറോപ്യൻ രാജ്യങ്ങളിലേക്ക്) സ്പെഷ്യൽ ബ്രാഞ്ച് പോലീസ് മുഖാന്തിരം അന്വേഷണം നടത്തിയ ശേഷം സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്. ഇത്തരം സർട്ടീഫിക്കറ്റുകളും നോട്ടറി മുഖാന്തിരം സാക്ഷ്യപ്പെടുത്തേണ്ടതില്ല.

(ബി) ഈ രേഖകൾ സാക്ഷ്യപ്പെടുത്തി കിട്ടുന്നതിനായി അപേക്ഷകർ ചെയ്യേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്നും അപേക്ഷ സമർപ്പിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള ഫോറങ്ങൾ ലഭ്യമാണോ എന്നും വിശദമാക്കാമോ?

(ബി) രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സംസ്ഥാന ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വെള്ളക്കടലാസിൽ അതിനോടനുബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന രേഖ(കൾ) സാക്ഷ്യപ്പെടുത്തി തരണമെന്ന് കാണിച്ച് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയിൽ ഒരു രേഖ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് 10/- രൂപ എന്ന ക്രമത്തിൽ കോർട്ട് ഫീ സ്റ്റാമ്പും പതിച്ചിരിക്കേണ്ടതാണ്. സംസ്ഥാനത്തിനകത്തുള്ള ഉത്തരവാദപ്പെട്ട അധികാരികൾ/ അധികാര സ്ഥാപനങ്ങൾ നൽകിയ രേഖകളും സർട്ടിഫിക്കറ്റുകളും മാത്രമേ സാക്ഷ്യപ്പെടുത്തി നൽകുകയുള്ളൂ, മേൽപ്പറഞ്ഞ എല്ലാ സർട്ടിഫിക്കറ്റുകളും 1952-ലെ നോട്ടറീസ് ആക്ട് അനുസരിച്ച് പ്രാക്ടീസ് ചെയ്യുന്ന നോട്ടറിമാരെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതും അതിന്റെ പകർപ്പ് ഹാജരാക്കേണ്ടതുമാണ്. എന്നാൽ സർക്കാർ തന്നെ നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകേണ്ട കേസുകൾക്ക് (യൂറോപ്യൻ രാജ്യങ്ങളിലേക്ക്) നോട്ടറി മുഖാന്തിരം അറ്റസ്റ്റ് ചെയ്യേണ്ടതില്ല. സാക്ഷ്യപ്പെടുത്തിക്കിട്ടേണ്ട രേഖകൾ

പരിശോധനയ്ക്ക് അഥവാ
അന്വേഷണത്തിന് വിധേയമാക്കുമ്പോൾ
എന്തെങ്കിലും സംശയങ്ങളോ
പോരായ്മകളോ, തെറ്റുകളോ,
കുറവുകളോ, ഉള്ളതായി കണ്ടാൽ അവ
പരിഹരിച്ച് അപേക്ഷ പുന:സമർപ്പിച്ച്
സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.
രേഖകളുടെ വിശ്വാസ്യത പരിശോധനാ
വിധേയമാക്കിയതിനുശേഷം
സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്.
അപേക്ഷ സമർപ്പിക്കുന്നതിന് മറ്റു
തരത്തിലുള്ള ഫോറങ്ങളൊന്നും
ആവശ്യമില്ല.

സെക്ഷൻ ഓഫീസർ.